

# ബിഗ് ട്രീയുടെ സ്വീറ്റ് ട്രീ

അങ്ങനെ മധുരമുള്ള മരം - സ്വീറ്റ് ട്രീ - പിറന്നു. വർഷം 2008. ലോകത്തിന്റെ ഏതു മുക്കിലുമുള്ള മധുരപ്രിയരുടെ രസമുകുളങ്ങൾക്ക് പുതിയൊരു സ്വാദിന്റെ പിറവി. നീരയിൽ നിന്നു പ്രത്യേകരീതിയിൽ സംസ്കരിച്ചെടുത്ത പഞ്ചസാരയ്ക്ക് നിർമാതാക്കളായ ബിഗ്ട്രീ ഫാംസ് നൽകിയ പേരായിരുന്നു സ്വീറ്റ് ട്രീ എന്നത്.

ഇന്തോനേഷ്യയിലെ ബാലി ദ്വീപിൽ അമേരിക്കക്കാരായ ബെൻ റിപ്പിളും ഫ്രഡറിക് ഷില്ലിംഗും ചേർന്നാണ് ബിഗ് ട്രീ ഫാംസിനെ മുന്നോട്ടു കൊണ്ടുപോകുന്നത്. തുടക്കം കുറിക്കുന്നത് ബെൻ റിപ്പിൾ. പിന്നീട് ഫ്രഡറിക്കും ഒപ്പം ചേരുകയായിരുന്നു. ഇന്ന് നീര സംസ്കരിച്ചെടുക്കുന്ന പഞ്ചസാരയുടെ വിപണി ലോകമെങ്ങും വളരുകയാണ്. നാളികേരം ഉൽപാദിപ്പിക്കുന്ന ഒന്നൊഴികെ എല്ലാ രാജ്യങ്ങളും ഈ വിപണിയുടെ പ്രയോജനമെടുക്കുകയാണ്. പ്രയോജനമെടുക്കാത്തത് കേരത്തിൽ നിന്നു

**നീരയുടെ വിവിധ ഉത്പന്നങ്ങൾ വിപണനം ചെയ്ത് വൻവിജയം കൈവരിച്ച ബിഗ്ട്രീ ഫാംസ് നമുക്ക് മാതൃകയാകണം**

പേരുപോലും കടം കൊണ്ട കേരളം ഉൾക്കൊള്ളുന്ന ഇന്ത്യ മാത്രം. പ്രയോജനം കിട്ടാത്തത് ഇന്നാട്ടിലെ നാളികേര കർഷകർക്കു മാത്രം.

യാദൃശ്ചികമായി ഇന്തോനേഷ്യയിലെ ബാലിയിലെത്തിയതാണ് ബെൻ റിപ്പിൾ. ചെറുകിട കർഷകരെ ഒന്നിപ്പിക്കുകയും അവരുടെ ഉൽപ്പന്നങ്ങളെ ഭക്ഷണരൂപത്തിൽ മൂല്യവർധന നടത്തി ലോക വിപണിയിൽ പരിചയപ്പെടുത്തുകയുമാണ് റിപ്പിൾ ചെയ്തത്. കൊക്കോയിൽ നിന്നു വ്യത്യസ്തമായ നിരവധി സ്വാദുകൾ രൂപപ്പെടുത്തിയപ്പോഴാണ് രാജ്യാന്തര സമൂഹം ബിഗ് ട്രീഫാംസിനെ ഗൗരവത്തിലെടുക്കുന്നത്.

ബിഗ് ട്രീഫാംസിന്റെ പിറവി 1996 -ൽ ആയിരുന്നു. ഇന്തോനേഷ്യയിൽ ഒരു തുണ്ടുഭൂമിയിൽ പച്ചക്കറി കൃഷിയുമായി തുടക്കം. പിന്നീട് കൃഷി പത്തേക്കറിലേക്കു വ്യാപിച്ചു. ആദ്യ കൃഷിയും കൊക്കോ തന്നെയായിരുന്നു. അവിടെ നിന്ന് കശുമാവിലേക്കും തെങ്ങിലേക്കും വളർച്ച. ഏതു വിളയിലായാലും വ്യത്യസ്തമായ ഭക്ഷ്യവസ്തുക്കൾ നിർമിക്കുക എന്നതായിരുന്നു ബിഗ് ട്രീയുടെ രീതി.

ഇന്തോനേഷ്യയിലെ കേരകർഷകരുടെ ദുരിതങ്ങൾക്ക് അറുതി വരുത്തുന്നതിനായി മഹാത്മജിയുടെ വാക്കുകളിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് കോക്കനട്ട് ഷുഗർ സംസ്ക്കരണത്തിലേക്കു തിരിഞ്ഞതെന്ന് റിപ്പിൾ പറയുന്നു. ലോകത്തെ

ഏറ്റവും പുരാതനമായ മധുരമാണ് തെങ്ങിൻ പാനിയുടേത്. ഇന്തോനേഷ്യയിൽ പാചകാവശ്യങ്ങൾക്കും നാട്ടുമരുന്നുകളിലും ഇത് ഒരുപോലെ ഉപയോഗിച്ചു വരുന്നു. അതിനെ വാണിജ്യ ഉൽപ്പന്നമായി വികസിപ്പിക്കുകയാണ് തങ്ങൾ ചെയ്തതെന്ന് റിപ്പിൾ സമ്മതിക്കുന്നു.

ഇന്തോനേഷ്യയിലെ ജാവ കേന്ദ്രീകരിച്ചാണ് ബിഗ്ട്രീ ഫാംസിന്റെ കോക്കനട്ട് ഷുഗർ ഉൽപാദനം. ഇവിടെ കേരകർഷകരുടെ കൃഷിയിടത്തിന്റെ ശരാശരി വിസ്തൃതി ഒരു ഹെക്ടറിൽ താഴെയാണ്. ഇവയിൽ ഓരോന്നിലും നിന്ന് 50 വരെ തെങ്ങുകൾ നീര ചെത്തുന്നതിനായി മാറ്റി നിർത്തുന്നു. ബാക്കി തെങ്ങുകളിൽ നിന്ന് സാധാരണരീതിയിൽ തേങ്ങ തന്നെയാണ് വിളവെടുപ്പ്. ജാവയിലെ തെങ്ങു ചെത്ത് കേരളത്തിലെ രീതിയിൽ നിന്നു വളരെ വ്യത്യസ്തമാണ്. കർഷകർ തന്നെയാണ് തെങ്ങിൽ കയറി ചെത്തി നീര ശേഖരിക്കുന്നത്. ഇന്തോനേഷ്യയുടെ തന്നെ മറ്റു പ്രദേശങ്ങളിൽ ഭൂവുടമകൾ തെങ്ങ് ചെത്താൻ തൊഴിലാളികളെ നിയോഗിക്കാറാണ് പതിവ്.

ബിഗ്ട്രീ ഫാംസ് കർഷകരെ ജൈവരീതിയിൽ തെങ്ങുകൃഷി ചെയ്യാൻ പരിശീലിപ്പിക്കുന്നു. അതിനായി കമ്പനിക്ക് പ്രത്യേകവിഭാഗം തന്നെയുണ്ട്. തുടക്കത്തിൽ നീര സ്വന്തം വീടുകളിൽ തന്നെ സംസ്ക്കരിക്കാൻ കർഷകരെ അനുവദിക്കുകയായിരുന്നു പതിവ്. ഉൽപന്നം വിപണിയിൽ സ്വീകാര്യമാകണമെങ്കിൽ ഭക്ഷ്യസുരക്ഷയുടെ മാനദണ്ഡങ്ങൾ പാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനാൽ ബിഗ്ട്രീഫാംസ് പിന്നീട് സംസ്ക്കരണകേന്ദ്രങ്ങളുണ്ടാക്കി. 50 മുതൽ 70 വരെ കർഷകർ ഉൾപ്പെട്ട കർഷക കൂട്ടായ്മകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സംസ്ക്കരണകേന്ദ്രങ്ങളിൽ നീരയിൽനിന്ന് അവർ തെങ്ങിൻ ചക്കരയുണ്ടാക്കുന്നു. ഇതിനായി കർഷകരുമായി കമ്പനി കരാറിൽ ഏർപ്പെടുന്നു.



ബെൻ റിപ്പിളും ഫ്രഡറിക് ഷില്ലിംഗും ബിഗ്ട്രീ ആസ്ഥാന മന്ദിരത്തിനു മുന്നിൽ (ഇടത്ത്), ബെൻ റിപ്പിളും കർഷകരും പച്ചക്കറിത്തോട്ടത്തിനു സമീപം (മുകളിൽ)

7000 കേരകർഷകർ ഉൾപ്പെട്ട കൂട്ടായ്മകളോടൊത്താണ് കമ്പനി പ്രവർത്തിക്കുന്നത്. ഇവരിൽ നിന്നു ശേഖരിക്കുന്ന ചക്കര മൂല്യവർദ്ധന നടത്തി തരി (ഗ്രാന്യൂൾസ്) രൂപത്തിലുള്ള പഞ്ചസാരയാക്കുന്നു. തെങ്ങിൻ ചക്കര ഇരുണ്ട നിറത്തിൽ പശിമയുള്ള ഉൽപന്നമായാണ് ലഭിക്കുന്നത്. ഈ ഉൽപന്നം ബിഗ് ട്രീ ഫാംസിന്റെ ഫാക്ടറിയിൽ ആധുനിക യന്ത്രസഹായത്തോടെ സംസ്ക്കരിച്ചാണു പഞ്ചസാരയാക്കി മാറ്റുന്നത്. ചക്കരയിലെ ഈർപ്പം അകറ്റുന്നതിനായി വാട്ടർ ജാക്കറ്റ് ടണലുകളിലൂടെ കടത്തിവിട്ട് ഉരുക്കുന്നു. വളരെ താഴ്ന്ന താപനിലയിൽ ചൂടുവെള്ളം നിറഞ്ഞ ആവരണമുള്ള ടണലുകളിലൂടെ കടന്നു പോകുന്ന ചക്കരയിലെ ഈർപ്പാംശം ആവിയായി പോകുന്നു. ഉരുകിയ ചക്കര വലിയ പാത്രങ്ങളിൽ ഇളക്കി തിരുമ്മി തണുപ്പിച്ചു പരലുകളാക്കിയെടുക്കുന്നു. പിന്നീട്, പലതരം ഡ്രയറുകളുടെ സഹായത്തോടെ ഉണക്കിയെടുക്കുന്ന ഉൽപന്നം പഞ്ചസാര തരികളായി പായ്ക്കു ചെയ്യുന്നു. നൂറ് ശതമാനവും ജൈവോൽപന്നങ്ങളാണ് ബിഗ് ട്രീ ഫാംസ് ഉൽപാദിപ്പിക്കുന്നത്.

തുടക്കത്തിൽ ഒരു മാസം അമ്പതു കി.ഗ്രാം തെങ്ങിൻ പഞ്ചസാരയായിരുന്നു ബിഗ് ട്രീ ഫാംസിന്റെ ഉൽപാദനം. പിന്നീടത് 200 ടൺ വരെയായി ഉയർന്നു. കർഷകർ ശേഖരിക്കുന്ന നീരയിൽ നിന്ന് കമ്പനി ഷുഗർ സിറപ്പും ഉൽപാദിപ്പിക്കുന്നുണ്ട്. ഇവയ്ക്കു പുറമെ, 'കൊക്കോ ഹൈഡ്രോ' എന്ന പേരിൽ ഇളനീർ പൊടി വിപണനം ചെയ്യുന്നുമുണ്ട്. കരിക്കിൻ വെള്ളത്തിലെ ജലാംശം ബാഷ്പീകരിച്ചു കളഞ്ഞതിനുശേഷം അവശേഷിക്കുന്ന ധാതുക്കളും വിറ്റാമിനുകളും അടങ്ങിയ പൊടിയാണ് കൊക്കോ ഹൈഡ്രോ. മൂലധനനിക്ഷേപമേയില്ലാതെ ആരംഭിച്ച ബിഗ്ട്രീ ഫാംസിന്റെ വിറ്റുവരവ് അമ്പതു കോടി രൂപയിലധികമാണിപ്പോൾ. ബെൻ റിപ്പിളും സംഘവും നീര ഷുഗറിന്റെ പ്രചാരണത്തിന് ഉപയോഗിക്കുന്നത് മഹാത്മാഗാന്ധിയുടെ വാക്കുകളാണ്.




• പ്രത്യേക ലേഖകൻ